ഖുത്വ്ബ
നമ്പർ
50

بسم الله الرحمن الرحيم O نحمده ونصلي على رسوله الكريم O وعلى عبده المسيح الموعود

ജുമുഅ ഖുത്വ്ബ 2011 ഡിസംബർ 16
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



Baitul Futuh, London

# വിശുദ്ധ ഖുർആൻ പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കുക.

മാശാ അല്ലാഹ് നമ്മുടെ കുട്ടികൾ ചെറുപ്രായത്തിൽ തന്നെ വിശുദ്ധ ഖുർആൻ ഓതി പൂർത്തിയാക്കാറുണ്ട്. തന്റെ കുട്ടികൾ വേഗം വിശുദ്ധ ഖുർആൻ ഓതിത്തീർക്കണമെന്ന ആഗ്രഹമുള്ള ഉമ്മമാർ അതിന്നായി കഠിന പ്രയത്നം നടത്തുകയും ചെയ്യുന്നു. ഇവിടെയും അതേപോലെ മറ്റു നാടുകളിൽ ഞാൻ പോകുമ്പോഴും മാതാപിതാക്കൾക്ക് എന്റെ മുമ്പാകെ കുട്ടികളെക്കൊണ്ട് വിശുദ്ധ ഖുർആൻ ഓതിക്കേൾപ്പിച്ച് അവരുടെ ആമീൻ നടത്താൻ അതിയായ ആഗ്രഹം കാണാറുണ്ട്. എന്നാൽ ഒരു പ്രാവശ്യം വിശുദ്ധ ഖുർആൻ ഓതിപൂർത്തിയാക്കിയതിനുശേഷം അത് വീണ്ടും ആവർത്തിച്ച് പാരായണം ചെയ്യുന്നതിലും സ്ഥിരമായി വിശുദ്ധ ഖുർആൻ പാരായണശീലം കുട്ടികളിൽ ഉണ്ടാക്കുന്നതിലും ആദ്യം ഓതിത്തീർക്കുന്നതിന്നായി പ്രയത്നിച്ചതുപോലുള്ള പ്രയത്നം എനിക്ക് കാണാൻ സാധിക്കുന്നില്ല. ഞാൻ കുട്ടികളോട് സ്ഥിരമായി ഖുർആൻ പാരായണം ചെയ്യാറുണ്ടോ എന്ന് ചോദിക്കുമ്പോഴും അതേപോലെ ചിലരുടെ ഓതുന്ന രീതി കാണുമ്പോഴും ഇത് തിരിച്ചറിയാൻ സാധിക്കുന്നു. പൊതുവിൽ സ്ഥിരമായി ഓതുന്നുണ്ടോ എന്നതിന് അനുകൂലമായിരിക്കില്ല മറുപടി. കുട്ടികളിൽ സ്ഥിരമായി ഖുർആൻ പാരായണം ചെയ്യുന്ന ശീലം വളർത്തിയെടുക്കാൻ മാതാവും പിതാവും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഒരു പ്രാവശ്യം ഖുർആൻ ഓതി പൂർത്തിയാക്കിയാൽ മതി എന്നത് മാത്രമായിരിക്കരുത് നിങ്ങളുടെ ചിന്ത. മറിച്ച് അതിനുശേഷവും സ്ഥിരമായി ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കേണ്ട ആവശ്യമുണ്ട്. വിശുദ്ധ ഖുർആൻ പഠിപ്പിക്കുകയും ആദ്യമായി അത് ഓതി പൂർത്തിയാക്കുകയും ചെയ്യുക എന്നതും വളരെ സുപ്രധാന പ്രവർത്തി തന്നെയാണ്. ചില ഉമ്മമാർ നാലോ അഞ്ചോ വയസ്സുള്ള കുട്ടികളെ ഖുർആൻ പൂർണ്ണമായും ഓതിപ്പിക്കുന്നു. ഇത് തീർച്ചയായും വളരെയധികം അധ്വാനമുള്ള പ്രവർത്തി തന്നെയാണ്. എന്നാൽ ഞാൻ പറഞ്ഞതുപോലെ സ്ഥിരമായി ഇതു പാരായണം നിലനിർത്തുക എന്നതും അതിനെക്കാളും സുപ്രധാനമായ പ്രവർത്തിയാണ്.

കഴിഞ്ഞ ദിവസം ഒരു സ്ത്രീയുടെ കത്ത് എനിക്ക് കിട്ടി. അതിൽ എന്റെ ഉമ്മയെക്കുറിച്ച് പരാമർശമുണ്ടായിരുന്നു. ആ കത്തിൽ എഴുതുന്നു: “അവർ ഒരിക്കൽ എന്നോട് പറഞ്ഞ ഒരു കാര്യം ഇപ്പോഴും ഞാൻ കൃതജ്ഞതയോടെ ഓർക്കുന്നു. ഒരിക്കൽ ഞാൻ ഖുർആൻ ഓതി പൂർത്തിയാക്കിയപ്പോൾ എന്റെ കുട്ടിയെ അവരുടെ അടുത്തേക്ക് കൊണ്ടുപോയി. എന്നിട്ട് വളരെ അഭിമാനത്തോടെ ഞാൻ അവരോട് പറഞ്ഞു. ഈ കുട്ടി 6 വയസ്സായപ്പോൾ തന്നെ ഖുർആൻ ഓതിത്തീർത്തിരിക്കുന്നു. ഇതു കേട്ട് അവർ ചോദിച്ചു: “ആറോ അഞ്ചോ വയസ്സിൽ ഖുർആൻ ഓതിത്തീർക്കുക എന്നത് അത്രവലിയ ശ്രേഷ്ഠതയൊന്നുമല്ല. നിങ്ങൾ ഈ കുട്ടിയുടെ മനസ്സിൽ എത്രകണ്ട് ഖുർആനോടുള്ള സ്നേഹം നിറച്ചിരിക്കുന്നു എന്നെനിക്ക് പറഞ്ഞുതന്നാലും.”

യഥാർഥത്തിൽ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതോടൊപ്പം വിശുദ്ധ ഖുർആന്റെ സ്നേഹം ഉണ്ടാക്കേണ്ടതും അനിവാര്യമാണ്. അപ്പോഴാണ് കുട്ടികൾക്ക് സ്വയം പാരായണം ചെയ്യുന്നതിന് താൽപര്യം ഉണ്ടായിത്തീരുക. നാം കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ ഇവിടെ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്ന വിവിധ മേഖലകളുണ്ട്. ടി.വി, ഇന്റർനെറ്റ്, മറ്റു പുസ്തകങ്ങൾ എന്നിവയെല്ലാമുണ്ട്. ഈ സാഹചര്യത്തിൽ കുട്ടികൾ കാലത്ത് തന്നെ സ്ഥിരമായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക എന്നത് അവരെ വിശുദ്ധ ഖുർആന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള ഹൃദയവർജ്ജകമായ വസ്തുക്കൾ ഉണ്ടാകുന്ന ഇക്കാലത്ത്, വിവിധ തരത്തിലുള്ള പുസ്തകങ്ങൾ പ്രസിദ്ധമാകുന്ന ഇക്കാലത്ത്, വിവിധങ്ങളായ അറിവുകൾ പ്രകടമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, വിശുദ്ധ ഖുർആൻ പഠനത്തിന് പ്രാധാന്യം വർദ്ധിക്കുന്നു. ഇക്കാര്യത്തിലേക്ക് നാം ശ്രദ്ധിക്കേണ്ടതാണ്.

അതുകൊണ്ട് ഇത് പഠിക്കുന്ന കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. കുട്ടികളിൽ വിശുദ്ധ ഖുർആനോടുള്ള താൽപര്യം വർദ്ധിക്കുന്നത് മാതാപിതാക്കൾ വിശുദ്ധ ഖുർആൻ പാരായണശിലമുള്ളവരും അതിനെക്കുറിച്ച് ചിന്തിക്കുന്നവരും പഠിക്കുന്നവരും ആകുമ്പോഴാണ്. അപ്പോഴാണ് അത് പഠിക്കുന്ന കാര്യത്തിൽ അവർ കൂടുതൽ ശ്രദ്ധിക്കുകയുള്ളൂ. ഓരോ വീട്ടിൽ നിന്നും സുബ്ഹി നമസ്ക്കാരത്തിനുശേഷം അതല്ലെങ്കിൽ തണുപ്പ് കാലത്ത് സുബ്ഹി നമസ്കാര സമയം വളരെ വൈകിയാകുമ്പോൾ ജോലിക്ക് പോകാനും മറ്റും നമസ്ക്കരിച്ച ഉടനെ പുറപ്പെടണമെന്നുണ്ടെങ്കിൽ നമസ്ക്കാരത്തിന് മുമ്പേതന്നെ വിശുദ്ധ ഖുർആൻ പാരായണം കൃത്യമായി ചെയ്യുന്നുണ്ടെങ്കിൽ ആ വീട് വിശുദ്ധ ഖുർആൻ കാരണമായി അനുഗ്രഹങ്ങളാൽ നിറക്കപ്പെടുന്നതാണ്. കുട്ടികൾക്കും ഇക്കാര്യത്തിൽ അതീവ താൽപര്യം ഉണ്ടായിത്തീരും. കുട്ടികളും ഒരു വിശ്വാസിയിൽ ഉണ്ടായിത്തീരേണ്ട നന്മകളിൽ ചരിക്കുന്നവരായിത്തീരും. മാത്രമല്ല അവർ വളരുന്നതനുസരിച്ച് വിശുദ്ധ ഖുർആന്റെ മഹത്വവും സ്നേഹവും അവരുടെ ഹൃദയത്തിൽ വളർന്നുകൊണ്ടിരിക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ ശ്രദ്ധയോടുകൂടി നാം ഓരോരുത്തരും സ്ഥിരമായി പാരായണം ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വീടുകളിൽ ഭാര്യക്കും ഭർത്താവിനും ഇടയിൽ സ്നേഹം വർദ്ധിക്കുന്നത് ദർശിക്കുന്നതോടൊപ്പം അവിടെ കുട്ടികളും ജമാഅത്തിന്റെ ഗുണപ്രദമായ വ്യക്തികളായിത്തീരുകയും ചെയ്യുന്നത് നമുക്കോരോരുത്തർക്കും കാണാൻ സാധിക്കുന്നതാണ്. അവരുടെ തർബിയ്യത്ത് നല്ല രീതിയിൽ നടക്കുന്നുണ്ടാകും.

ഇവയെല്ലാം ഒരഹ്മദിക്ക് തന്റെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനായി വളരെയധികം ശ്രദ്ധയോടെ സ്വായത്തമാക്കേണ്ടിയിരിക്കുന്നു. ഇക്കാലത്ത് വിശുദ്ധ ഖുർആന് മറ്റെല്ലാ വസ്തുക്കളേക്കാളും ശ്രേഷ്ഠമായ സ്ഥാനം നൽകുന്നവരായി നമ്മെ മാറ്റുക എന്ന ഉദ്ദേശ്യത്തിനായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആഗതരായിരിക്കുന്നത്. ഇതിന് പൂർണ്ണമായ ആദരവ് നൽകുക. ഇതിനു തുല്ല്യമായി മറ്റൊന്നുംതന്നെ ഇല്ലാതായിത്തീരട്ടെ.

വിശുദ്ധ ഖുർആന്റെ ആദരവ് എന്നാൽ പൊതുവിൽ അനഹ്മദികൾ ചെയ്യുന്നതുപോലുള്ള ബാഹ്യമായ ആദരവിൽ മാത്രം ഒതുക്കരുത്. അവർ അതിനെ സുന്ദരമായ വസ്ത്രം കൊണ്ട് പൊതിയുന്നു. മനോഹരമായ ശെൽഫിൽ അതിനെ വെക്കുന്നു. അതല്ലെങ്കിൽ ഭംഗിയുള്ള പെട്ടിയിൽ അത് സൂക്ഷിക്കുന്നു. ഖുർആനോടുള്ള യഥാർഥ ആദരവും അതിനോടുള്ള സ്നേഹവും എന്താണെന്നാൽ അതിന്റെ കൽപനകളനുസരിച്ച് കഴിവതും പ്രയത്നിക്കുക, അതിൽ ചെയ്യാൻ പറഞ്ഞ കാര്യങ്ങൾ ചെയ്യുക, വിരോധിച്ച കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കുക, അത് ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക, അല്ലാഹു തടഞ്ഞ കാര്യങ്ങളിൽ നിന്ന് മനുഷ്യൻ വിട്ടു നിൽക്കുക, ഏതെല്ലാം കാര്യങ്ങളാണ് ചെയ്യാൻ പറഞ്ഞത് അത് ചെയ്യുന്നതിനായി തന്റെ സർവ്വവിധ കഴിവുകളും പ്രാപ്തിയും വിനിയോഗിക്കുകയും ചെയ്യുക, അല്ലാഹുവിന്റെ ഭയം ഹൃദയത്തിൽ വെച്ച്കൊണ്ട് അത് പാരായണം ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവിധ സ്ഥലങ്ങളിൽ തന്റെ ഗ്രന്ഥങ്ങളിലും സദസ്സുകളിലും മൽഫൂസാത്തിലും വിശുദ്ധ ഖുർആന്റെ മഹത്വം വിവരിച്ചിട്ടുണ്ട്. ബൈഅത്ത് ചെയ്ത ഒരു അഹ്മദിയിൽ നിന്ന് ആ മഹാത്മാവ് പ്രതീക്ഷിക്കുന്നതെന്തെല്ലാമാണെന്നും അതിൽ വിവരിച്ചിട്ടുണ്ട്.

അതുകൊണ്ട് നമ്മുടെ വീടുകളെ വിശുദ്ധ ഖുർആൻ പാരാണം കൊണ്ട് നമുക്ക് നിറക്കേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആൻ പാരാണം ചെയ്യുന്നതോടൊപ്പം അതിന്റെ അർഥവും വായിക്കേണ്ടതാണ്. അപ്പോഴാണ് അതിന്റെ കൽപ്പനകൾ ഏതെല്ലാമാണെന്ന് നമുക്ക് മനസ്സിലാകുകയുള്ളൂ. വീടുകളിൽ കുട്ടികളുടെ മുമ്പാകെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതോടൊപ്പം അത് മനസ്സിലാക്കേണ്ട പ്രാധാന്യത്തെക്കുറിച്ചും അതിന്റെ അർഥം മനസ്സിലാക്കേണ്ട കാര്യങ്ങളെക്കുറിച്ചും സംസാരിക്കുക. പാരായണ ശീലം വളർത്തുക. വിശുദ്ധ ഖുർആനിലുള്ള ചില കാര്യങ്ങൾ എടുത്ത്കൊണ്ട് അത് കുട്ടികളിരിക്കുന്ന സദസ്സിൽ സമർപ്പിക്കുക. അങ്ങനെ കുട്ടികളിലും ഇക്കാര്യത്തിൽ താൽപര്യം ഉണ്ടായിത്തീരുന്നതാണ്. ഹ: മസീഹ് മൗഊദ് (അ) നമസ്കാരത്തിന്റെയും അതേപോലെ വിശുദ്ധ ഖുർആന്റെയും തർജമയും അറിഞ്ഞിരിക്കേണ്ടത് വളരെ അനിവാര്യമായ കാര്യങ്ങളാണെന്ന് പറയുകയുണ്ടായി. എന്നാൽ തർജമ മാത്രം വായിക്കുകയും അറബി ഭാഷയിലുള്ള യഥാർഥ ഖുർആൻ വചനങ്ങൾ പാരായണം ചെയ്യാതിരിക്കുകയും ചെയ്യുക എന്നത് ശരിയല്ല. അതിനുള്ള അനുവാദമില്ല. പറയുന്നു: “ വിശുദ്ധ ഖുർആന്റെ തർജമ മാത്രം വായിക്കാൻ നാം ഒരിക്കലും അനുവാദം തരുന്നതല്ല. ഇതുമുഖേന വിശുദ്ധ ഖുർആന്റെ മുഅ്ജിസത്ത് ഇല്ലാതായിത്തീരുന്നതാണ്. ആരാണോ വിശുദ്ധ ഖുർആന്റെ തർജമ മാത്രം വായിച്ചാൽ മതി എന്ന് പറയുന്നത് അവർ ആഗ്രഹിക്കുന്നത് വിശുദ്ധ ഖുർആൻ ഭൂമിയിൽ നിലനിൽക്കരുത് എന്നാണ്. അതുകൊണ്ട് വിശുദ്ധ ഖുർആൻ തനതായ നിലയിൽ നിലനിൽക്കുന്നു എന്നത് തന്നെ അതിന്റെ മുഅ്ജിസത്താണ്.

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ ۝١٠ എന്നത് അല്ലാഹുവിന്റെ പ്രഖ്യാപനമാണ്. നാം തന്നെയാണ് ഈ ദിക്റിനെ ഇറക്കിയിരിക്കുന്നത്, നിശ്ചയമായും നാം തന്നെ ഇതിനെ സംരക്ഷിക്കുന്നതാണ്. ”

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അറബി ഭാഷയിൽ മുമ്പുള്ള അതേ രീതിയിൽ വിശുദ്ധ ഖുർആൻ ഇപ്പോഴും തുടർന്നുവരുന്നു. കഠിന എതിരാളികളും ഇസ്‌ലാമിക വൈരികൾ പോലും സമ്മതിച്ചിരിക്കുന്ന ഒരു കാര്യം വിശുദ്ധ ഖുർആൻ അതിന്റെ തനതായ രീതിയിൽ ഇന്നും സുരക്ഷിതമായിരിക്കുന്നു എന്നാണ്. തർജമയിൽ മാത്രം നാം ശ്രദ്ധിക്കുകയാണെങ്കിൽ തർജമ വിവിധ രീതിയിൽ ഇപ്പോൾ ഉള്ളതായി നമുക്ക് കാണാൻ സാധിക്കുന്നതാണ്. നാം നമ്മുടെ പരിഭാഷ ലോകസമക്ഷം സമർപ്പിക്കുമ്പോൾ ഈ പരിഭാഷ മറ്റുള്ളവരിൽ നിന്നെല്ലാം തികച്ചും ഭിന്നമാണെന്ന് അവർ അംഗീകരിക്കുന്നു, കാരണം മറ്റുള്ളവർ ശരിയായ രീതിയിൽ തർജമ ചെയ്തിട്ടില്ല.

ഇസ്‌ലാമിനെ വിമർശിക്കുന്ന അമേരിക്കയിലെ ഒരു പാതിരി വിവിധ പരിഭാഷകളിൽ നിന്ന് എടുത്ത് കൊണ്ട് ഇസ്‌ലാം ഇതാണ് പറയുന്നത് എന്ന് പറഞ്ഞ് വിമർശിക്കുകയുണ്ടായി. അറബി മൂലം എടുത്തിട്ടുണ്ടായിരുന്നില്ല. എന്നാൽ അയാൾക്ക് നമ്മുടെ തഫ്സീർ കൊടുത്തപ്പോൾ പിന്നീട് അയാൾക്ക് ഒരു മറുപടിയും തരാൻ ഉണ്ടായിരുന്നില്ല. കുറേ പാടുപെട്ടതിനുശേഷം അവസാനം പറഞ്ഞത്, ഞാൻ എഴുതിയതും മുസ്‌ലിംകൾ ചെയ്ത പരിഭാഷയിൽ നിന്ന് തന്നെയാണ് എന്നാണ്.

ചുരുക്കത്തിൽ അറബിയുടെ മൂലത്തോട് വളരെ താദാത്മ്യം പുലർത്തുന്ന പരിഭാഷ നമുക്ക് പഠിപ്പിച്ചതും ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ്. ആ മഹാത്മാവ് അതിന്റെ ശരിയായ അർഥവും ആശയവും നമുക്ക് മനസ്സിലാക്കിത്തരികയും ചെയ്തു.

ഇവിടെ അനുബന്ധമായി ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം അഹ്മദിയ്യത്തിന്റെ വിമർശകരുടെ ഒരു പരാമർശം എന്റെ കൺമുമ്പിലൂടെ കടന്നുപോയി. അതിൽ പറയുന്നത് മിർസാ സാഹിബ് നബിയായിരുന്നെങ്കിൽ ഇമാം അബൂഹനീഫയെ പിൻപറ്റാൻ അദ്ദേഹം തന്റെ ജമാഅത്തിനോട് എന്തിന് പറഞ്ഞു. ഇതിനുള്ള മറുപടി വിവിധ ലിഖിതങ്ങളിൽ വന്നിട്ടുള്ളതാണ്. അദ്ദേഹത്തെ പിൻപറ്റുക തന്നെ വേണം എന്ന് പറഞ്ഞിട്ടില്ല. എന്നാൽ വിശുദ്ധ ഖുർആനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു കാര്യം പറയാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സദസ്സിൽ ആരോ പറഞ്ഞു. ഹനഫീ മദ്ഹബിൽ വിശുദ്ധ ഖുർആന്റെ തർജമ മാത്രം വായിച്ചാൽ മതി എന്നാണുള്ളത്. ഇതുകേട്ടപ്പോൾ പറഞ്ഞു. “ ഇതാണ് ഇമാം അഅ്സമിന്റെ മദ്ഹബെങ്കിൽ ഇത് അദ്ദേഹത്തിന് പറ്റിയ തെറ്റാണ്. അദ്ദേഹം ഇമാമാണ്. ഇസ്‌ലാമിനുവേണ്ടി മഹത്തായ സേവനങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. പല മസ്അലകളും അദ്ദേഹം ഒരുമിച്ചുകൂട്ടിയിട്ടുണ്ട്. എന്നാൽ ഖുർആന്റെ തർജമ മാത്രം മതി എന്നാണ് അദ്ദേഹം പറഞ്ഞതെങ്കിൽ അത് തീർച്ചയായും തെറ്റാണ്. ”

ചുരുക്കത്തിൽ ഇക്കാലത്ത് വിശുദ്ധ ഖുർആന്റെ യഥാർഥ ചുമതല ഏൽപ്പിച്ചുകൊണ്ടാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അയച്ചിട്ടുള്ളത്. ആ മഹാത്മാവ് തന്റെ ജമാഅത്തിന് വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിനെക്കുറിച്ചും അതിനെ സ്നേഹിക്കുന്നതിനെക്കുറിച്ചും വിവിധ സ്ഥലങ്ങളിൽ ഉപദേശിച്ചിട്ടുണ്ട്. ഒരു സ്ഥലത്ത് പറയുന്നു: “ വിശുദ്ധ ഖുർആൻ ആകാശീയ നിയമങ്ങളും മോക്ഷത്തിനുള്ള മാർഗവുമാണ്.”

ഈ വചനത്തിന്റെ പശ്ചാത്തലം ഇവിടെ ഈസാ നബി (അ) ന്റെ മരണം വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ

തെളിയിക്കുക എന്നതാണ്. വിശുദ്ധ ഖുർആൻ എന്നത് ആകാശീയ നിയമങ്ങളാണ (ദൈവത്തിന്റെ നിയമങ്ങളാണ്). അതുകൊണ്ട് ഇത് മോക്ഷത്തിനുള്ള മാർഗവുമാണ്. ഭൗതിക നിയമങ്ങളെക്കുറിച്ച് നോക്കുകയാണെങ്കിൽ നിയമം ഉണ്ടായി എന്നതുകൊണ്ട് അത് ഫലം ചെയ്യില്ല. അതു നടപ്പിൽ വരുത്തുകയും ജനങ്ങൾ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഇതേപോലെ വിശുദ്ധ ഖുർആന്റെ നിയമവും ഫലം നൽകുന്നതും മോക്ഷത്തിന് കാരണമായിത്തീരുന്നതും അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ മോക്ഷത്തിന് അത് കാരണമായിത്തീരുന്നതല്ല. അത് വായിക്കുകയും എന്നാൽ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ മോക്ഷം ലഭിക്കുന്നതല്ല. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാകുന്നതല്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെയും പാരിതോഷികങ്ങളുടെയും അവകാശികളായി നാം മാറില്ല. അതുകൊണ്ട് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് വളരെ അത്യാവശ്യമാണ്.

വാഗ്ദത്ത മസീഹ് (അ) ഒരു സ്ഥലത്ത് പറയുന്നു: '' ഓർക്കുക. വിശുദ്ധ ഖുർആൻ യഥാർഥ അനുഗ്രഹങ്ങളുടെ ഉറവിടവും മാർഗവുമാണ്. വിശുദ്ധ ഖുർആൻ അനുസരിച്ച് പ്രവർത്തിക്കാത്തത് ജനങ്ങളുടെ തെറ്റാണ്. ഇതനുസരിച്ച് പ്രവർത്തിക്കാത്തവരിൽ ഒരു വിഭാഗം ഇതിൽ വിശ്വസിക്കാത്തവരാണ്. അവർ ഇതിനെ അല്ലാഹുവിന്റെ വചനമായി മനസ്സിലാക്കുന്നില്ല. ഇക്കൂട്ടർ വളരെ വിദൂരത്താണ് നിൽക്കുന്നത്. എന്നാൽ ഇത് അല്ലാഹുവിന്റെ വചനമാണെന്ന് വിശ്വസിക്കുകയും മോക്ഷത്തിനുള്ള ശമനം നൽകുന്ന കുറിപ്പടിയാണെന്ന് അംഗീകരിക്കുകയും ചെയ്യുന്നവർ ഇതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ എന്തുമാത്രം ആശ്ചര്യവും ദുഃഖകരവുമായ പ്രവർത്തിയാണിത്. ഇവരിൽ പലരും ജീവിതകാലം മുഴുവനും ഇത് ഒരാവർത്തി ഓതുകപോലും ചെയ്യാത്തവരാണ്. അല്ലാഹുവിന്റെ വചനത്തിൽ നിന്നും ഇത്രമാത്രം അശ്രദ്ധനായിക്കഴിയുന്ന വ്യക്തിയുടെ ഉദാഹരണം ഇന്ന ഉറവിടം പവിത്രവും പരിശുദ്ധവും അതിലെ വെള്ളം വിവിധങ്ങളായ വ്യാധികൾക്ക് ശമനൗഷധവുമാണെന്ന് ശരിക്കും അറിയുന്ന ഒരു വ്യക്തിയെപ്പോലെയാണ്. ഈ അറിവ് അദ്ദേഹത്തിന് ശരിക്കും ഉണ്ട്. ഈ അറിവ് ഉണ്ടായിട്ടും ദാഹവും വിവിധ രോഗങ്ങളിൽ അടിപ്പെട്ടിട്ടും ആ വ്യക്തി ആ ശമനം നൽകുന്ന ഉറവിടത്തിന്റെ അടുത്തേക്ക് പോകുന്നില്ല. അതിനടുത്ത് പോകാതിരിക്കുക എന്നത് അയാളുടെ ദൗർഭാഗ്യമെന്നല്ലാതെ എന്തുപറയാൻ. മാത്രമല്ല അജ്ഞതയും കൂടിയാണ്. അയാൾ ആ ഉറവിടത്തിൽ നിന്ന് വെള്ളം കുടിക്കണമായിരുന്നു. അതിൽ നിന്ന് വയറുനിറയെ വെള്ളം കുടിക്കുകയും ആ പാനിയത്തിൽ നിന്ന് ആനന്ദം കൈകൊള്ളുകയും ചെയ്യേണ്ടതായിരുന്നു. എല്ലാ അറിവും ഉണ്ടായിട്ടും ഒന്നും അറിയാത്തവനെപോലെ അയാളും അതിൽ നിന്നും അകന്നിരിക്കുകയാണ്.

*അല്ലാഹുതആല നമുക്ക് വേദനാനിർഭരമായ ഈ സന്ദേശത്തെ മനസ്സിലാക്കിക്കൊണ്ട് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇത് മനസ്സിലാക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.* നമ്മുടെ ബൈഅത്തിന്റെ കർത്തവ്യനിർവ്വഹണം സാധ്യമാകുന്നത് വിശുദ്ധ ഖുർആന്റെ അധ്യാപനം നമ്മുടെ ജീവിതത്തിൽ പകർത്തുമ്പോഴാണ്. ഖുർആന്റെ അധ്യാപനം മുമ്പ് പറഞ്ഞത്പോലെ അതിൽ പറഞ്ഞ എല്ലാ തിന്മയിൽ നിന്നും വിട്ടുനിൽക്കുക എന്നതും അതിൽ പറഞ്ഞ എല്ലാ നന്മകളും സ്വായത്തമാക്കുക എന്നതുമാണ്. അത് സ്വീകരിക്കാനായി കഴിവതും പരിശ്രമിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ''തിന്മകളെ ഉപേക്ഷിച്ച് ഞാൻ എല്ലാ ശ്രേഷ്ഠതകളും കൈവരിച്ചിരിക്കുന്നു എന്ന് ധരിക്കാനല്ല മനുഷ്യനോട് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നത്. മറിച്ച് അത് മനുഷ്യനെ ഏറ്റവും ഉന്നത കഴിവുകൾ കരസ്ഥമാക്കുന്നവനും ഉന്നത ധാർമ്മിക ഗുണങ്ങളാൽ അലങ്കൃതമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. അതുമുഖേന മനുഷ്യനിൽ നിന്ന് മാനവരാശിക്ക് ഫലപ്രദവും സഹാനുഭൂതി പ്രകടിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾ പ്രകടമായിക്കൊണ്ടിരിക്കേണ്ടതാണ്. അതിന്റെ ഫലമായി അല്ലാഹു ആ മനുഷ്യനോട് തൃപ്തിപ്പെടണം.''

ഒരു വിശ്വാസിക്ക് വിശുദ്ധ ഖുർആനോട് യഥാർഥ സ്നേഹമുണ്ടെങ്കിൽ ഈ ഒരു സ്ഥാനംവരെ എത്താൻ അവൻ സ്വയം പരിശ്രമിക്കുകയും അതോടൊപ്പം തന്റെ മക്കളും ഈ സ്ഥാനം വരെ എത്തുന്നതിനായി പരിശ്രമിക്കുകയും ചെയ്യുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ തിന്മയിൽ നിന്നും ശർറിൽ നിന്നും വിട്ട് നിൽക്കുക എന്നത് ശ്രേഷ്ഠതയുടെ ലക്ഷണമല്ല. ഇതായിരിക്കരുത് നമ്മുടെ ലക്ഷ്യം. നമ്മുടെ ടാർഗറ്റ് എപ്പോഴും വലുതായിരിക്കണം. അത് കരസ്ഥമാക്കാനായി പരിശ്രമിക്കുകയും വേണം. വിശുദ്ധ ഖുർആനിൽ പറയപ്പെട്ട എല്ലാ നന്മകളെയും തന്നിൽ നടപ്പിൽ വരുത്താനായി പരിശ്രമിക്കണം. ഈ പരിശ്രമം ഓരോ പുരുഷനും സ്ത്രീയും കുട്ടിയും ചെയ്യുകയാണെങ്കിൽ ഒരു പവിത്രമായ സമൂഹം ഇവിടെ ഉടലെടുക്കുന്നതാണ്. ഇസ്ലാം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സമൂഹമായിരിക്കും ഇവിടെ ഉടലെടുക്കുക. ഇസ്ലാമിനെയും വിശുദ്ധ ഖുർആനെയും ആക്ഷേപിച്ചുകൊണ്ടിരിക്കുന്നവരുടെ വായ ഇതുമുഖേന അടയപ്പെടുകയും ചെയ്യുന്നതാണ്.

ഇവിടെ രണ്ട് സ്ത്രീകളെക്കുറിച്ച് വലിയ ചർച്ച ചെയ്യപ്പെടുന്നുണ്ട്. അവർ പല സ്ഥലത്തും പ്രസംഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഇസ്ലാമിന്റെ നിയമങ്ങളെക്കുറിച്ച് ആക്ഷേപിക്കുന്നതിൽ അവർ അതിര് കടന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ.യുടെ പരിശ്രമഫലമായി യു.സി.എല്ലിൽ ഒരു സംവാദം തന്നെ നടക്കുയുണ്ടായി. അങ്ങനെയുള്ള ഒരു അവസരം അവിടെ ഒരുങ്ങുകയുണ്ടായി. യൂനിവേഴ്സിറ്റി ഭാരവാഹികളാണ് അത് സംഘടിപ്പിച്ചത്. അതിൽ ഈ രണ്ട് സ്ത്രീകളും അവരുടെ ശൈലിയനുസരിച്ച് ഇസ്ലാമിനെ വിമർശിച്ചു സംസാരിച്ചു. വളരെ ശക്തമായ വിമർശനമായിരുന്നു നടത്തിയിരുന്നത്. എന്നാൽ നമ്മുടെ ഖാദിംകൾ- അവരിൽ ഒരാൾ ജാമിഅയിൽ പഠിച്ചുകൊണ്ടിരിക്കുന്ന പാക്കിസ്ഥാൻ കാരനാണ്, രണ്ടാമത്തെ വ്യക്തി ഇംഗ്ലീഷുകാരനായ നവ അഹ്മദിയും- ഇരുവരും വിശുദ്ധ ഖുർആന്റെ അധ്യാപനത്തിന്റെ വെളിച്ചത്തിൽ പ്രബലവും ശക്തവുമായ തെളിവുകൾ നിരത്തി വയഅടപ്പൻ മറുപടി നൽകുകയുണ്ടായി. ഇതുകാരണം ആ രണ്ട് സ്ത്രീകളും കോപം കൊണ്ട് ജ്വലിക്കുന്നുണ്ടായിരുന്നു. അവരുടെ ഈ അതിരുകടന്ന ആക്ഷേപ ശൈലി കണ്ടപ്പോൾ അവരുടെ അനുകൂലികൾ പോലും ദുഃഖം രേഖപ്പെടുത്തുകയാണ് ചെയ്തത്. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി യുവാക്കൾ മുഖേന ഇസ്ലാമിന്റെ വിജയം, ഇസ്ലാമിന്റെ അധ്യാപനങ്ങളുടെ വിജയമാണ് നടന്നത്. അതുകൊണ്ട് നമുക്ക് വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിനായി വളരെയധികം പ്രയത്നിക്കേണ്ടിയിരിക്കുന്നു. ഇതനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അപ്പോഴായിരിക്കും നമ്മുടെ വീടും സ്വർഗതുല്ല്യമായി മാറുക.

നമ്മുടെ സമൂഹത്തിലും ചുറ്റുപാടിലും നമുക്ക് തബ്‌ലീഗിന്റെ കടമ നിർവ്വഹിക്കാൻ സാധിക്കുക.

വിശുദ്ധ ഖുർആൻ ഓതേണ്ടതിന്റെ രീതി പഠിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "വിശുദ്ധ ഖുർആൻ സശ്രദ്ധം, ചിന്തിച്ചുകൊണ്ട് പാരായണം ചെയ്യേണ്ടതാണ്. ഹദീസിൽ വന്നിട്ടുള്ളത് **റുബ്ബ കാരിഇൻ യൽഅനുഹുൽ ഖുർആൻ** വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന പലരുമുണ്ട്. അവരിൽ വിശുദ്ധ ഖുർആൻ ശാപം ചൊരിയുന്നു. വിശുദ്ധ ഖുർആൻ ഓതുന്നുണ്ടെങ്കിലും അതനുസരിച്ച് പ്രവർത്തിക്കാത്തവരിൽ വിശുദ്ധ ഖുർആൻ ശാപം ചൊരിയുന്നു. തിലാവത്ത് ചെയ്യുമ്പോൾ അനുഗ്രഹത്തെ പരാമർശിക്കുന്ന ആയത്തുകളിലൂടെ കടന്നുപോകുമ്പോൾ അവിടെ അല്ലാഹുവിനോട് അവന്റെ അനുഗ്രഹം തേടേണ്ടതാണ്. ഏതെങ്കിലും സമൂഹത്തിന്റെ ശിക്ഷയെ പരാമർശിക്കുന്ന ആയത്തിലൂടെ കടന്നുപോകുമ്പോൾ അവിടെ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നതിനായി അല്ലാഹുവിന്റെ അഭയത്തിൽ വരാനായി പ്രാർത്ഥിക്കേണ്ടതാണ്. ചിന്തിച്ചുകൊണ്ട് ശ്രദ്ധാപൂർവ്വം ഇത് പാരായണം ചെയ്യേണ്ടതാണ്. ഇതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്."

ഇതിന്റെ പ്രാധാന്യം ഉൾകൊള്ളുമ്പോഴാണ് ഈ അവസ്ഥ നമുക്ക് കൈവരിക്കാൻ സാധിക്കുക. ഇതിനോട് പ്രത്യേകമായ ബന്ധം നമുക്കുണ്ടായിരിക്കണം. ഈ പ്രാധാന്യവും പ്രത്യേക ബന്ധവും നാം വിശുദ്ധ ഖുർആനുവേണ്ടി നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാക്കി എടുക്കേണ്ടതാണ്. വിശുദ്ധ ഖുർആൻ മനസ്സിലാക്കാൻ വലിയ പ്രയാസമാണെന്ന് ചിലർ പറയാറുണ്ട്. ഇതിനെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "പാമര ജനങ്ങൾ പറയാറുള്ളത് വിശുദ്ധ ഖുർആനെ നമുക്ക് മനസ്സിലാക്കാൻ കഴിയില്ല എന്നാണ്. അതുകൊണ്ട് ഇതിലേക്ക് ശ്രദ്ധിക്കേണ്ട കാര്യമില്ല. ഇത് വളരെ പ്രയാസമുള്ള ഒന്നാണ്. ഈ ചിന്താഗതി അവർക്ക് പിണഞ്ഞ അബദ്ധമാണ്. വിശ്വാസപരമായ കാര്യങ്ങൾ വിശുദ്ധ ഖുർആൻ വളരെ വ്യക്തമായ രീതിയിൽ വിവരിച്ചിട്ടുണ്ട്. അത് അതുല്ല്യവും അനുപമവുമാണ്. അതിന്റെ തെളിവുകൾ ഹൃദയത്തെ വശീകരിക്കുന്നു. വിശുദ്ധ ഖുർആൻ കാര്യങ്ങൾ വളരെ സമർത്ഥമായി വിവരിക്കുന്നതാണ്. പൂർണ്ണ നിരക്ഷരരായിരുന്ന കാട്ടറബികൾക്ക് പോലും ഇത് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയുണ്ടായി. പിന്നെ എന്തുകൊണ്ട് ഇപ്പോൾ ഇത് മനസ്സിലാക്കാൻ കഴിയാതെപോകുന്നു."

അല്ലാഹു ഇക്കാലത്ത് നമ്മോട് കരുണ ചൊരിഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അയക്കുകയുണ്ടായി. അദ്ദേഹം വിശുദ്ധ ഖുർആന്റെ ബാഹ്യമായ കൽപനകൾ മാത്രമല്ല നമ്മോട് പറഞ്ഞത്. മറിച്ച് അതിന്റെ ഗഹനമായ വിജ്ഞാനങ്ങൾ നമുക്ക് പറഞ്ഞുതരികയുണ്ടായി. آخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ എന്നതിന്റെ അനുഗ്രഹം നമുക്ക് എത്തിച്ചുതന്നു. അതുകൊണ്ട് ഈ ഖജനാവിൽ നിന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് നൽകിയ മുത്ത് രത്നങ്ങൾ നമുക്ക് പുറത്തെടുക്കേണ്ടിയിരിക്കുന്നു. ഇതിനോട് യഥാർഥ സ്നേഹം വെക്കാത്തിടത്തോളം കാലം നമുക്ക് ഇത് കരഗതമാകുകയുമില്ല.

ജമാഅത്തിന് പുറത്തുള്ള പലരുമുണ്ട്. അവരുടെ പാരായണം വളരെ നല്ലതാണ്. അവർ സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നു. അവരുടെ തിലാവത്ത് റിക്കോർഡ് ചെയ്ത കേസറ്റുകളും ലഭ്യമാണ്. ഇങ്ങനെ നല്ല ഭംഗിയായി പാരായണം ചെയ്യുന്നവരിൽ ചിലർക്ക് അതിന്റെ അർഥം അറിയാത്തവരായിട്ടുണ്ട്. ചില വലിയ വലിയ പണ്ഢിതന്മാർക്ക് പോലും ഇത് അറിയാത്തവരായുണ്ട്. അതുകൊണ്ടാണ് ഇസ്‌ലാമിൽ നാസിഖ്, മൻസൂഖ് എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരുന്നത്. അതേപോലെ ചില ആയത്തുകൾ ഇപ്പോഴും അവർക്ക് മനസ്സിലായിട്ടില്ല. ഇതിൽപെട്ട ഒന്നാണ് ഹദ്റത്ത് ഈസാനബി (അ)ന്റെ മരണം എന്നത്. ചുരുക്കത്തിൽ ഇതിന്റെ അർഥവും ആശയവും അവർക്ക് അന്യമാണ്. ഇതുമായി ബന്ധപ്പെട്ട താക്കീദു ചെയ്യുന്ന ഒരു ഹദീസ് ഉണ്ട്. ഹദ്റത്ത് അബ്ബാസ്ബ്നു അബ്ദുൽ മുത്തലിബ് (റ) വിവരിക്കുന്നു: ഞാൻ തിരുനബി (സ) പറയുന്നതായി കേട്ടു. " ഒരു കാലം വരും. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരിൽ ചിലരുണ്ടാകും. അവർ തന്നെക്കാളും വലിയ ഖുർആൻ പാരായണമറിയുന്നവരുണ്ടോ എന്ന് പറഞ്ഞ് ആത്മ പ്രശംസ നടത്തുന്നതായിരിക്കും. എന്നെക്കാളും വലിയ പണ്ഢിതനുണ്ടോ എന്നുപറഞ്ഞ് അഹങ്കരിക്കും. തിരുനബി (സ) സഹാബാക്കളോട് ചോദിച്ചു: " അങ്ങിനെയുള്ളവരിൽ വല്ല നന്മയും നിങ്ങൾ കാണുന്നുണ്ടോ." സഹാബാക്കൾ പറഞ്ഞു: " ഒരിക്കലുമില്ല." ഇതു കേട്ട് തിരുനബി (സ) പറഞ്ഞു: " അവർ നിങ്ങളിൽ നിന്നുള്ളവരും ഇതേ ഉമ്മത്തിൽ പെട്ടവരുമായിരിക്കും. എന്നാൽ അവർ നരകാഗ്നിയുടെ ഇന്ധനമായിരിക്കും."

അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാക്കി മാറ്റുന്നതും അല്ലാഹുവിന്റെ സാമിപ്യം നൽകുന്നതും നരകാഗ്നിയിൽ നിന്ന് നമ്മെ രക്ഷപ്പെടുത്തുന്നതും വിനയത്തോടുകൂടി വിശുദ്ധ ഖുർആന്റെ അധ്യാപനം മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുന്നതാണ്. ഇത് ഒരു തൊഴിലാക്കി മാറ്റുകയല്ല. മറിച്ച് ഇതിനെ സ്നേഹിക്കുകയാണ് വേണ്ടത്. ഇതിൽ ശ്രദ്ധിക്കുക എന്നത് ഇന്ന് ഓരോ അഹ്മദിയുടേയും കർത്തവ്യമാണ്. ഇത് കരസ്ഥമാക്കാനായി നാം പരിശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) കിശ്ത്തീ നൂഹ് എന്ന ഗ്രന്ഥത്തിൽ ഒരു സ്ഥലത്ത പറയുന്നു: " അതുകൊണ്ട് നിങ്ങൾ കരുതിയിരിക്കുക. അല്ലാഹുവിന്റെ ഉപദേശത്തിനും വിശുദ്ധ ഖുർആന്റെ നിർദ്ദേശത്തിന്നുമെതിരെ ഒരു ചുവടുപോലും എടുത്തുവയ്ക്കരുത്. ഞാൻ നിങ്ങളോട് സത്യമായും പറയുന്നു. വിശുദ്ധ ഖുർആനിലെ 700 കൽപനകളിൽ നിന്ന് ഒരു ചെറിയ കൽപനയെപ്പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരം കൊണ്ട് അടക്കുകയാണ് ചെയ്യുന്നത്. പരമാർത്ഥപരവും പരിപൂർണ്ണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധ ഖുർആന് തുറന്നു തന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയായിരുന്നു. അതുകൊണ്ട് നിങ്ങൾ വിശുദ്ധ ഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്ത വിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു: "**അൽ ഖൈറു കുല്ലുഹു ഫിൽ ഖുർആൻ** എല്ലാ വിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലാണുള്ളത്." സത്യവും ഇതുതന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം. നിങ്ങളുടെ സകല വിജയങ്ങളുടെയും മോക്ഷത്തിന്റെയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധ ഖുർആനിൽ കാണാത്തതായില്ല. പുനരുത്ഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗം നൽകാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്.

നിങ്ങൾക്ക് അവതരിക്കപ്പെട്ട ഈ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നൽകപ്പെട്ട ഈ അനുഗ്രഹവും സന്മാർഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നൽകിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോക നിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോട് പറയുന്നു."

"അതുകൊണ്ട് നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് ശ്രേഷ്ഠമായ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. അതാണ് ഖുർആൻ. ഇതിന്നെതിരിലുള്ള എല്ലാ മാർഗദർശനങ്ങളും നിഷ്ഫലമാണ്."

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധ ഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം ഇതിലാണ് നിലകൊള്ളുന്നത്. വിശുദ്ധ ഖുർആന് ബഹുമാനം നൽകുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീസുകളെക്കാളും മറ്റുള്ളവരുടെ വചനങ്ങളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദംസന്തതികൾക്ക് **മുഹമ്മദ് മുസ്തഫ (സ)** തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ വേറെയില്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനു വേണ്ടി. നബി തിരുമേനി (സ) യേക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കൽപ്പിക്കരുത്. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച്, യഥാർഥമായ മോക്ഷം ഈ ലോകത്തുവെച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ. ദൈവം സത്യമാണെന്നും **മുഹമ്മദു നബി (സ)** ആ ദൈവത്തിന്റെയും മുഴുവൻ സൃഷ്ടിജാലത്തിന്റെയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും വിശ്വസിക്കുന്നവർ തന്നെ. ആകാശത്തിനു കീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ല. ഖുർആനു തുല്ല്യമായ മറ്റൊരു ഗ്രന്ഥമില്ല. അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ പ്രവാചകൻ കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നതാണ്. അദ്ദേഹം എന്നെന്നും ജീവിച്ചിരിക്കുന്നതിനായി ആ മഹാത്മാവിന്റെ ശരീഅത്തും ആത്മീയ സ്വാധീനവും ഖിയാമത്തുനാൾവരെ നിലനിൽക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നു. ഒടുവിലായി ആ ദിവ്യാത്മാവിന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്ലാമിക സൗധത്തിന്റെ സമ്പൂർത്തീകരണത്തനായി ഈ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നു. മൂസവീ സമുദായത്തിന് നൽകപ്പെട്ടിരിക്കുന്നതുപോലെ മുഹമ്മദീ സമുദായത്തിനും ആത്മീയമായ രീതിയിൽ ഒരു മസീഹ് നൽകപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമായിരുന്നു. അതിലേക്കാണ് اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ എന്ന ഖുർആനിക വചനം സൂചന നൽകുന്നത്.

*നമ്മെയും നമ്മുടെ മക്കളെയും വരുന്ന തലമുറയെയും ഖിയാമത്തുനാൾവരെ വരുന്ന മുഹമ്മദീ മസീഹിനെ അംഗീകരിച്ചവരെയും വിശുദ്ധ ഖുർആനെ ശരിയാംവണ്ണം സ്നേഹിച്ചുകൊണ്ട് അതിന്റെ കൽപ്പനകൾ തങ്ങളിൽ നടപ്പിൽ വരുത്തുന്നവരാക്കി അല്ലാഹു മാറ്റട്ടെ. ഇതിന്റെ അനുഗ്രഹങ്ങളിൽ നിന്ന് എപ്പോഴും ഫലമെടുക്കുന്നവരായിത്തീരുകയും ചെയ്യട്ടെ.*

**തിരുത്ത്**

9/12/2011 ലെ ഖുത്ബ നമ്പർ 49 ന്റെ കോപ്പി അയച്ചതിലും ഇ മെയിൽ അയച്ചതിലും വന്ന തലവാചകം **ഇസ്ലാമിനെ പ്രബോധിക്കാൻ അഹ്മദിയ്യാ ജമാഅത്ത് മാത്രം** എന്നാക്കി തിരുത്തണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. തെറ്റുവന്നതിൽ ക്ഷമാപണം നടത്തുകയും ചെയ്യുന്നു.

എന്ന് എം. നാസിർ അഹ്മദ് കൊടിയത്തൂർ.

## PRINTED BOOKS

To

From
Ahmadiyya Mission House
K.N.Road Karapparamba
Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 December 16 at : Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut.
Page Layout: T. Jamshad Mukkam.
Published by: **Majlis Khuddamul Ahmadiyya, North Kerala**